പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3543

14/10/2011-ലെ മറുപടിക്ക്

ആറ്റുകാൽ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി: | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആറ്റുകാൽ വികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ആറ്റുകാൽ ദേവി ക്ഷേത്രവും പരിസര പ്രദേശങ്ങളുടെയും വികസനവുമായി ബന്ധപ്പെട്ട പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷനായുള്ള ഒരു ഉപദേശക സമിതിയും, റിട്ട. ചീഫ് ടൗൺ പ്ലാനർ ശ്രീ. എ. കസ്തൂരി രംഗൻ ചെയർമാനായുള്ള ടെക്നിക്കൽ കമ്മിറ്റിയും 22-07-2008-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2056/08/തസ്വഭവ, 05-12-2008-ലെ ജി.ഒ(.ആർ.റ്റി) നമ്പർ 4246/08/തസ്വഭവ ഉത്തരവുകൾ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ തീരുമാന പ്രകാരം പൊതുജന പങ്കാളിത്തത്തോടെ 08-08-2010-ൽ ഒരു സെമിനാർ സംഘടിപ്പിച്ച് ആറ്റുകാൽ ദേവി ക്ഷേത്ര പ്രദേശവും ചുറ്റുമുള്ള 18 നഗരസഭാ വാർഡുകളുടെയും വികസനം ഉൾപ്പെടുത്തിയുള്ള ഒരു സോണൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കമിടുകയും ചെയ്തു. വികസനസെമിനാറിന്റെ നടപടി ക്രമങ്ങളും ശുപാർശകളും പരിഗണിച്ച് |

ആറ്റുകാൽ ക്ഷേത്രത്തിന്റെ ചുറ്റുമുള്ള 18 നഗരസഭാ വാർഡുകളെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് റിപ്പോർട് തയ്യാറാക്കുകയും അപ്രകാരം തയ്യാറാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കേണ്ടവയെ കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട വ്യവസായ-നഗരകാര്യ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 17-08-2011 ന് യോഗം കൂടി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. നടപ്പിലാക്കേണ്ട പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികളെ ചുമതലപ്പെടുത്തുക.

2. വിവിധ ഏജൻസികൾ തയ്യാറാക്കുന്ന വിശദ പ്രോജക്ട് റിപ്പോർട്ട് പരിശോധിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി

3. പദ്ധതി പ്രദേശത്തുള്ള നഗരസഭയുടെ അധീനതയിലുള്ള മരാമത്തു പണികൾ (റോഡ്) പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവക്കായി തിരുവനന്തപുരം കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തി. ബന്ധപ്പെട്ട വാർഡു കൗൺസിലർമാർ ടി പണികളുടെ ലിസ്റ്റ് തയ്യാറാക്കി ട്രിഡ സെക്രട്ടറിയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു.

4. മണക്കാട് - ആറ്റുകാൽ - കാലടി റോഡ് 21 മീറ്ററായി വികസിപ്പിക്കുന്നതിന് പൊതുമരാമത്തു വകുപ്പിനെ ചുമതലപ്പെടുത്തി. ടി റോഡിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെ വിവരങ്ങൾ സ്വരൂപിച്ച് പൊതുമരാമത്തു വകുപ്പിന് കൈമാറുവാൻ ട്രിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി. (ടോട്ടൽ സ്റ്റേഷൻ സർവ്വെ വിവരങ്ങളടങ്ങിയ സി.ഡി ഇതിനകം പൊതുമരാമത്തു വകുപ്പിന് കൈമാറിയിട്ടുണ്ട്).

5. പദ്ധതി പ്രദേശത്തെ സിവറേജ് സൗകര്യമില്ലാത്ത വാർഡുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് എടുക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി. ഇതിനായി ലിസ്റ്റ് തയ്യാറാക്കി അതാതു വാർഡു കൗൺസിലർമാർ ട്രിഡാ സെക്രട്ടറിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു.

6. പദ്ധതി പ്രദേശത്തെ കുളങ്ങൾ വൃത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മൈനർ ഇറിഗേഷനെ ചുമതലപ്പെടുത്തി.

7. പദ്ധതി പ്രദേശത്തെ ഇലക്ട്രിക്കൽ വർക്കുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആറ്റുകാലിൽ സബ് സ്റ്റേഷൻ നിർമ്മാണത്തിന് ആറ്റുകാൽ ട്രസ്റ്റ് ഭൂമി

നൽകുന്ന മുറയ്ക്ക്, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കെ. എസ്. ഇ. ബി യെ ചുമതലപ്പെടുത്തി.

8. ആറ്റുകാൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശകലനം ചെയ്യുന്നതിനായി തിരുവനന്തപുരം കളക്ടറുടെ നേതൃത്വത്തിൽ ഒരു യോഗം ചേരാൻ ചുമതലപ്പെടുത്തി

9. ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് സ്വന്തം ചെലവിൽ സ്ഥലമുൾപ്പെടുത്തി നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിട്ടുള്ള പോലീസ് സ്റ്റേഷന് താരതമ്യേന കുറഞ്ഞ വാടക നിശ്ചയിച്ച് ട്രസ്റ്റിന് ഈടാക്കാവുന്നതാണെന്നും തീരുമാനിച്ചു.

10. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി 20 സെന്റ് സ്ഥലം ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് കെ.എസ്.ഇ.ബി ക്ക് കൈമാറുന്നതിനായി ആറ്റുകാൽ ട്രസ്റ്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

11. 5/12/2008 - ലെ ജി.ഒ(ആർ.റ്റി)നമ്പർ 4246/08/തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പ്രകാരം ആറ്റുകാൽ വികസന പദ്ധതിയുടെ കേന്ദ്രഓഫീസും പ്രവർത്തികളുടെ ക്രോഡികരണവും നടത്തുന്നത് ട്രിഡ ആഫീസാണ്. ട്രിഡയുടെ ജീവനക്കാരും, എസ്റ്റാബ്ലിഷ്മെന്റുമാണ് ഇതിനു വേണ്ടി ഉപയോഗിക്കുന്നത്. അതിനാൽ ആറ്റുകാൽ വികസന പദ്ധതിയ്ക്ക്

അനുവദിച്ചിട്ടുള്ള 12 കോടി ഉൾപ്പെടെയുള്ള തുകയിൽ നിന്നും 2% ട്രിഡായ്ക്ക് സെന്റേജ് ചാർജായി അനുവദിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുവാനായി തീരുമാനിച്ചു.

(ബി) അവയുടെ സാമ്പത്തിക, ഭൗതിക വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആറ്റുകാൽ വികസന പദ്ധതിയ്ക്ക് 360.50 കോടി രൂപയാണ് എസ്റ്റിമേറ്റ്

| | | |
|---|---|---|
| 1. | റോഡ് വികസനം | 196.25 കോടി രൂപ |
| 2. | ജംഗ്ഷൻ ഇംപ്രൂവ്മെന്റ് | 25 കോടി |
| 3. | വാഹന പാർക്കിംഗ് | 12 കോടി രൂപ |
| 4. | വാട്ടർ സപ്ലൈ, സ്വിവറേജ് &ഡ്രെയിനേജ് | 17.25 കോടി രൂപ |
| 5. | മുട്ടത്തറ അമ്യൂസ്മെന്റ് പാർക്ക് | 110 കോടി രൂപ |

(സി) പ്രസ്തുത പദ്ധതി എന്നത്തേക്കു പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

(സി) ടി പദ്ധതി 3 ഘട്ടങ്ങളായാണ് പൂർത്തീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നത്. ഇതിൽ 140.50 കോടി രൂപ ചെലവ് പ്രതീക്ഷിയ്ക്കുന്ന ആദ്യ ഘട്ട പദ്ധതി 17-08-2011-ലെ കമ്മിറ്റി തീരുമാന പ്രകാരം വിശദമായ റിപ്പോർട്ട് തയ്യാറാക്കിയതിനു ശേഷം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ